# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെറ്റിഎം പി.4/1439/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 23/07/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെറ്റിഎം പി.4/1439/2022 തീയ്യതി: 23/07/2022

## കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2020 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-07-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എം. എൻ. രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 24-06-2022 | 25-06-2022 |
| ശ്രീ. ഷൈജു എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (ഡെപ്യൂട്ടി ഡയറക്ടർ (ഇൻ ചാർജ്ജ്)) | 26-06-2022 | 30-06-2022 |
| ശ്രീമതി. ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 01-07-2022 | 02-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|

| | |
|---|---|
| 24-06-2022 | 02-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഇന്ദുലേഖ എ, ഓഡിറ്റ് ഓഫീസർ
രതീഷ് സി ആർ, ഓഡിറ്റ് ഓഫീസർ
യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ആൽബിൻ സിറിയക്, ഓഡിറ്റർ
കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ആൻസമ്മ സാബു | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| ശ്രീ. ബെൽജി ഇമ്മാനുവേൽ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി. ഷീബ സ്റ്റീഫൻ | സെക്രട്ടറി | 01-04-2020 | 28-12-2020 |
| ശ്രീമതി. കെ ആർ റാണി തണ്ടാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-12-2020 | 03-02-2021 |
| ശ്രീ. ഷാജി കെ റ്റി | സെക്രട്ടറി | 04-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ. ആർ. റാണി തണ്ടാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. പ്രീതി ജി. നായർ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2020 | 16-02-2021 |
| ഡോ. സുജ സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 17-02-2021 | 31-03-2021 |
| ഡോ. ഷീബ സെബാസ്റ്റ്യൻ | സീനിയർ വെറ്റിനറി സർജൻ | 01-04-2020 | 24-08-2020 |
| ഡോ. ജോജി മാത്യൂ | സീനിയർ വെറ്റിനറി സർജൻ | 25-08-2020 | 31-03-2021 |
| ഡോ. വേണുകുമാർ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2020 | 31-03-2021 |
| റീന കുര്യൻ | കൃഷി ഓഫീസർ | 01-04-2020 | 22-06-2022 |
| ഷൈമി ചെറിയാൻ | കൃഷി ഓഫീസർ | 23-06-2020 | 08-09-2020 |

| | | | |
|---|---|---|---|
| ഡെന്നീസ് ജോർജ് | കൃഷി ഓഫീസർ | 09-09-2020 | 31-03-2021 |
| ഷെറിൻസ് ജോർജ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| സുജാത കെ. കെ. | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-07-2020 |
| രാജീവ് കുമാർ ആർ | ഹെഡ്മാസ്റ്റർ | 01-08-2020 | 31-03-2021 |
| ജെമിനി ജോൺ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| സനീഷ് കെ. ബി. | അസിസ്റ്റന്റ് എഞ്ചിനീയർ(എൽ എസ് ജി ഡി) | 01-04-2020 | 31-03-2021 |
| വിമൽകുമാർ വി. വി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(മരങ്ങാട്ടുപിള്ളി) | 01-04-2020 | 31-03-2021 |
| ബിനീഷ് ബി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കുറിച്ചിത്താനം) | 01-04-2020 | 31-03-2021 |
| ഡോ. രഞ്ജിത്ത് ജോസഫ് | മെഡിക്കൽ ഓഫീസർ-പി എച്ച് സി | 01-04-2020 | 06-08-2020 |
| ഡോ. സോണിയ സ്കറിയ | മെഡിക്കൽ ഓഫീസർ-പി എച്ച് സി | 06-08-2020 | 31-03-2021 |
| പ്രമോൾ ദാസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |

01.12.2020 - 29.12.2020 - ഉദ്യോഗസ്ഥ ഭരണം

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം.<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 1-5 |
| 6 | ദേശീയതൊഴിലുറപ്പ് പദ്ധതി<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Krishnapriya.S (Auditor, On 01-07-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 16-07-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 16-07-2022) | 1-10 |
| 11 | ILGMS പാസ്റ്റ് ഡാറ്റാ എൻടി(PDE)-അക്കൗണ്ടിങ്ങ് അപാകതകൾ<br>Written By: Krishnapriya.S (Auditor, On 02-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-07-2022) | 1-11 |
| 12 | പ്രോജക്ട് ചെലവ്-ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 02-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 1-12 |
| 13 | വസ്തുനികുതി കുടിശ്ശിക തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്<br>Written By: Yogesh R (Senior Grade Auditor, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 1-13 |
| 14 | ഡ്രൈവർക്ക് യാത്രാ ബത്ത അധികം അനുവദിച്ചിരിക്കുന്നു<br>Written By: Albin Cyriac (Auditor, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 1-14 |
| 15 | ക്വട്ടേഷൻ ക്ഷണിക്കാതെ പ്രിന്റിംഗിനായി തുക അനുവദിച്ചു.<br>Written By: Albin Cyriac (Auditor, On 03-07-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 16-07-2022) | 1-15 |
| 16 | പത്രപരസ്യം- അനുവദനീയമായ ഡിസ്കൗണ്ട് ലഭ്യമാക്കുന്നില്ല<br>Written By: Albin Cyriac (Auditor, On 03-07-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 16-07-2022) | 1-16 |
| 17 | സാക്ഷരത പ്രേരക്മാരുടെ വേതനം റിക്കപ്പ് ചെയ്തിട്ടില്ല<br>Written By: Albin Cyriac (Auditor, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 1-17 |

| | | |
|---|---|---|
| 18 | കറണ്ട് കണക്ഷൻ ലഭ്യമായതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.<br>Written By: Albin Cyriac (Auditor, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-07-2022) | 1-18 |
| 19 | തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ്- പൂർണ്ണമായും പ്രവർത്തനക്ഷമമായില്ല<br>Written By: Yogesh R (Senior Grade Auditor, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 1-19 |
| 20 | ജലനിധി -സുസ്ഥിരവികസന പദ്ധതി നടത്തിപ്പ്<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 1-20 |
| 21 | ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 1-21 |
| 22 | ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തുന്നു<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 1-22 |
| 23 | പാലിയേറ്റീവ് കെയർ നേഴ്സിന് ഇൻസെന്റീവ് വികസനഫണ്ടിൽ നിന്നും അനുവദിച്ചു<br>Written By: Ratheesh C R (Audit Officer, On 04-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 1-23 |
| 24 | മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.<br>Written By: Ratheesh C R (Audit Officer, On 04-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 1-24 |
| 25 | പി എച്ച് സി അടിസ്ഥാന സൗകര്യം എൻ ആർ എച്ച് എം ഫണ്ട് കൈമാറൽ - രേഖകൾ ലഭ്യമല്ല<br>Written By: Ratheesh C R (Audit Officer, On 04-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 1-25 |
| 26 | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ.<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 1-26 |
| 27 | തനതു ഫണ്ടിൽ സൂക്ഷിച്ചിരിയ്ക്കുന്ന തുക സർക്കാരിലേയ്ക്ക് നാളിതുവരെ അടവാക്കിയിട്ടില്ല<br>Written By: A Indulekha (Audit Officer, On 04-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 1-27 |
| 28 | അഗതി രഹിത കേരളം പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് ഉറപ്പുവരുത്തിയില്ല<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 1-28 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: A Indulekha (Audit Officer, On 03-07-2022) | 4-2 |

| | | |
|---|---|---|
| | Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 16-07-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 16-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 16-07-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 16-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: A Indulekha (Audit Officer, On 03-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ പുതുക്കിയ ബജറ്റ് 16.02.2021തീയതിയിലെ 1(1) നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 12361051 | 15010601 |
| വരവ് | 107796206 | 62140634 |
| ആകെ | 120157257 | 77151235 |
| ചെലവ് | 114565734 | 60918714 |
| നീക്കിയിരിപ്പ് | 5591523 | 16232521 |

ബജറ്റ് പ്രകാരം 10.77കോടി രൂപയുടെ പ്രതീക്ഷിത വരവും 11.45കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം10.75കോടി രൂപയും ചെലവ് 11.41കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 27.07.2021ലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2020-21ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 1.50 കോടി രൂപയും തൻവർഷ വരവ് 6.21 കോടി രൂപയും തൻവർഷചെലവ് 6.09 കോടി രൂപയും വർഷാവസാന നീക്കിയിരിപ്പ് 1.62 കോടി രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 10.75 കോടി രൂപയും ആകെ ചെലവ് 11.41 കോടി രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.

2) ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

3)B-4 ഷെഡ്യൂളിലെ വിവരങ്ങൾ രജിസ്റ്ററുമായി പൂർണ്ണമായും പൊരുത്തപ്പെടുന്നില്ല.

4) റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

5) B -9 ഷെഡ്യൂളിൽ സർക്കാരിലേയ്ക്ക് അടവാക്കേണ്ട തുകയുടെ കൃത്യത വ്യക്തമല്ല.

6) B-18 ഷെഡ്യൂളിലെ വിവരങ്ങൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

7) I-18 പട്ടികയിലെ വിവരങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

8) ചെലവു പത്രികയിൽ 22/21നമ്പർ പ്രോജക്ട് പ്രകാരമുള്ള ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയിട്ടില്ല.

9) സ്ഥിര നിക്ഷേപത്തിന്റെ പലിശയുടെ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

10) സാമൂഹ്യസുരക്ഷാ പെൻഷന്റെ പൂർണ്ണ വിവരങ്ങൾ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I-6 പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

11) പരിശോധനയ്ക്കായി കാര്യാലയത്തിൽ ലഭ്യമാക്കിയ വാർഷിക കണക്കുകളും എയിംസിൽ സമർപ്പിച്ചിരിക്കുന്ന വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15010601 |
| ഓഡിറ്റ് വർഷത്തെ വരവ് | 62140634 |
| ആകെ | 77151235 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 60918714 |
| നീക്കിയിരിപ്പ് | 16232521 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 73665 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 11682000 | 11682000 | 11682000 | - | 100 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 2158875 | 2158875 | 1919000 | 239875 | 89 |
| വികസന ഫണ്ട്-ടി.എസ്.പി. | | 0 | 117762 | 117762 | 100000 | 17762 | 85 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Untied Basic Grant | 0 | 4550000 | 4550000 | 2696780 | 1853220 | 59 |
| | Tied Grant | 0 | 7929568 | 7929568 | 6652614 | 1276954 | 84 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | | 0 | 3492000 | 3492000 | 3492000 | --- | 100 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | | 0 | 7857000 | 7857000 | 7857000 | ---- | 100 |

| | | | | | | |
|---|---|---|---|---|---|---|
| TSC | 225,925 | --- | 225,925 | --- | 225,925 | -- |
| SSA | 72,661 | 1998 | 74659 | -- | 74659 | - |
| ICDS | 101,641 | 430757 | 532398 | 201544 | 330854 | - |
| PYCKA | 3,284 | --- | 3,284 | --- | 3,284 | - |
| ആയുർവേദ ഫണ്ട് | 75,000 | --- | 75,000 | -- | 75,000 | - |
| സാക്ഷരത ഫണ്ട് | 58,994 | 1622 | 60616 | -- | 60616 | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 0 | 1793173 | 1793173 | 1250180 | 542993 | - |
| ജലനിധി ഗ്രാന്റ് | 4,518,099 | 938172 | 5456271 | 1525042 | 3931229 | - |
| എൻ. ആർ. ജി. എ | 180289 | 18684046 | 18864335 | 18864112 | 223 | |

ഗ്രാന്റിന്റെ വിനിമയം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. വികസന ഫണ്ട് പൊതുവിഭാഗം ജി.ഒ പ്രോജക്റ്റുകൾക്കായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. പ്രസ്തുത തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

2. ഗ്രാന്റ് പത്രികയിലെ മേഖല തിരിച്ചുള്ള അലോട്ട്മെന്റ് തുകകളുടെ കണക്ക് യഥാർത്ഥ അലോട്ട്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട്, കേന്ദ്ര- സംസ്ഥാന വിഹിതം എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് (ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ, വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം.

ഗ്രാമപഞ്ചായത്തിന്റെ 2020-21ലെ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗ്24.02.2020നടക്കുകയുണ്ടായി . പദ്ധതിരൂപീകരണ ഗ്രാമ സഭകൾ 06.02.2020-മുതൽ12.02.2020 വരെയുള്ള കാലയളവിൽ നടത്തിയിരുന്നു 1(1)/04.03.2020ൽ ഭരണസമിതി അംഗീകരിച്ച പ്രസ്തുത പ്രോജക്റ്റുകള് 80898/2020/DPC /KTM Dtd31.03.2020നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിക്കുകയും ചെയ്തു. അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്റ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ | നടപ്പിലാക്കിയത് | വകയിരുത്തിയ തുക | ചെലവ് | ശതമാനം |
|---|---|---|---|---|
| 189 | 159 | 66204523 | 44713718 | 66 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ വാർഷികപദ്ധതി പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ | നടപ്പിലാക്കിയത് | വകയിരുത്തിയ തുക | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8 | 7 | 3885540 | 2010921 | 52 |

| | | | | | | |
|---|---|---|---|---|---|---|
| 2 | വെറ്ററിനറി സർജൻ | 6 | 5 | 2516000 | 1716000 | 68 |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 4 | 4 | 3050000 | 3049921 | 99.9 |
| 4 | മെഡി.ഓഫീസർ, ആയുർവേദ | 1 | 1 | 600000 | 600000 | 100 |
| 5 | മെഡി.ഓഫീസർ, ഹോമിയോ | 1 | 1 | 550000 | 550000 | 100 |
| 6 | വി.ഇ.ഒ-1 | 10 | 10 | 2630200 | 2423989 | 92 |
| 7 | വി.ഇ.ഒ-11 | 6 | 6 | 13737720 | 6645320 | 48 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 7 | 7 | 4223720 | 3574989 | 85 |
| 9 | സെക്രട്ടറി | 23 | 17 | 4269042 | 3166378 | 74 |
| 0 | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 1 | 1 | 414000 | 104025 | 25 |
| 11 | അസി.എൻജിനീയർ | 111 | 91 | 25771095 | 17843883 | 69 |
| 12 | ഡയറി ഫാം ഇൻസ്ട്രക്.ർ | 2 | 2 | 2588760 | 1688760 | 65 |
| 13 | അസി.സെക്രട്ടറി | 7 | 6 | 1732128 | 1239532 | 72 |
| 14 | ഹെഡ്മാസ്റ്റർ | 1 | 1 | 236318 | 100000 | 42 |
| | ആകെ | 189 | 159 | 66204523 | 44713718 | 66 |

1-5എ വിനിയോഗലക്ഷ്യം കൈവരിച്ചില്ല 33.87ലക്ഷം രൂപ നഷ്ടപ്പെട്ടു

ഓഡിറ്റ് വർഷം സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ നഷ്ടമായ സർക്കാർ ഗ്രാന്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഗ്രാന്റ്-ഇനം | | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 11682000 | 11682000 | - |
| വികസന ഫണ്ട്-എസ്.സി.പി | | 2158875 | 1919000 | 239875 |
| വികസന ഫണ്ട്-ടി.എസ്.പി. | | 117762 | 100000 | 17762 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Untied Basic Grant | 4550000 | 2696780 | 1853220 |
| | Tied Grant | 7929568 | 6652614 | 1276954 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | | 3492000 | 3492000 | --- |
| മെയിന്റനൻസ് ഗ്രാന്റ് | | 7857000 | 7857000 | ---- |

| | | | |
|---|---|---|---|
| റോഡ് | | | |
| ആകെ | | | 3387811 |

പ്രവൃത്തികളുടെ ബാഹുല്യവും, പദ്ധതി നിർവ്വഹണ നടപടികളിലെ മെല്ലെപ്പോക്കും സർക്കാർ ഫണ്ട് നഷ്ടപ്പെടാൻ പ്രധാന കാരണമാണ്. സി. എഫ് .സി ഉപാധിപ്രകാരമുള്ള ഫണ്ട് ചെലവ് നാമമാത്രമായിരുന്നു. തൻവർഷത്തേയ്ക്ക് ലഭിക്കാൻ സാദ്ധ്യതയുള്ള ആകെ പദ്ധതി വിഹിതത്തിന് ആനുപാതികമായി മാത്രം പദ്ധതികൾ തയ്യാറാക്കുകയോ (സ്പിൽ ഓവർ ഉൾപ്പെടെ), അതല്ലെങ്കിൽ സ്പിൽഓവർ പദ്ധതികളുടെ പ്രവർത്തനങ്ങൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ച് ലഭിക്കാൻ സാദ്ധ്യതയുള്ള അധിക വിഹിതത്തിനായി സർക്കാരിനെ സമീപിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്. വികസനപ്രവർത്തനങ്ങൾക്കായി ലഭ്യമായിരുന്ന തുകയിൽ 33.87 ലക്ഷം രൂപ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും ചുമതല നിർവ്വഹിച്ചിട്ടില്ല എന്ന് കാണുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 ദേശീയതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21വർഷം 121-പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർബജറ്റ്പ്രകാരം 392 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 249 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതില് 149 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 48771 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 729 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവർത്തി,തോട് ആഴം കൂട്ടൽ, വർക്ക്ഷെഡ്, മഴക്കുഴി, തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ, റോഡ് കോൺക്രീറ്റിംഗ് ഉടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. കാഷ്ബുക്ക് പ്രകാരമുള്ള 2020-21വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 180289 |
| വരവ് | ഇ.എഫ് എം.എസ് വരവ് | 17993873 | 18864335 |
| | ക്യാഷ് വരവ് പലിശ ഉൾപ്പെടെ | 690173 | |
| ചെലവ് | തൊഴിലാളികളുടെ വേതനം | 14403958 | 18864112 |

| | | | |
|---|---|---|---|
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 761938 | |
| | ഉപകരണങ്ങളുടെ വില, വാടക | 2827977 | |
| | ഭരണചെലവുകൾ (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 870239 | |
| നീക്കിയിരുപ്പ് | | | 223 |

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികകണക്കും ബാങ്ക് സ്റ്റേറ്റ്മെന്റ്, തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടന്റ് സൂക്ഷിക്കുന്ന കാഷ് ബുക്ക് എന്നിവ പ്രകാരം പരിശോധിച്ച് ഉറപ്പാക്കിയ വിവരമാണ് മുകളിൽ ചേർത്തിരിക്കുന്നത്. ഓഡിറ്റ് വർഷം NREGA ക്യാഷ് ബുക്ക് പ്രകാരം ആയിരം രൂപ റീഫണ്ട് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. പതിമൂന്നാം വാർഡിലെ ശ്രീമതി രത്നമ്മ എന്ന ഗുണഭോക്താവിന്റെ ഫെസ്റ്റിവൽ അലവൻസ് ബാങ്ക് അക്കൗണ്ട് നമ്പർ തെറ്റിയത് തിരികെ ക്രെഡിറ്റ് വന്നതാണ്.

## 1-7 ക്ഷേമപദ്ധതികൾ

2020-21 വർഷം വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം (സേവന പത്രിക പ്രകാരമുള്ള തുകയാണ്.) | 3120 | 4 |
| വാർദ്ധക്യകാലപെൻഷൻ (I-6 പട്ടിക പ്രകാരമുള്ള തുകയാണ്.) | 27312500 | 1578 |
| കർഷകതൊഴിലാളി പെൻഷൻ (I-6 പട്ടിക പ്രകാരമുള്ള തുകയാണ്.) | 4246700 | 231 |
| വിധവാപെൻഷൻ (സേവന പത്രിക പ്രകാരമുള്ള തുകയാണ്.) | 10486300 | 514 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ (സേവന പത്രിക പ്രകാരമുള്ള തുകയാണ്.) | 608500 | 34 |
| വികലാംഗപെൻഷൻ (സേവന പത്രിക പ്രകാരമുള്ള തുകയാണ്.) | 3466100 | 161 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.06.2022 തീയതി 3.30 പി. എം. ന് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 3303/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് ഗ്രാമ പഞ്ചായത്തിലെ മൊത്തത്തിലുള്ള ജോലി വിഭജനം നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ അധികൃതർ സ്വീകരിച്ചിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണം നിലവിലുണ്ട്. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിട്ടുണ്ട്.14.09.2020-മുതൽ ഐ.എൽ. ജി. എം.എസ് ആരംഭിച്ചു.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എങ്കിലും വസ്തുനികുതി ഉൾപ്പെടെയുള്ള വരവിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം

പ്രൊക്യുർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.പ്രൊക്യുർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യുർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും മാത്രമാണ് നടത്തിയിട്ടുണ്ട്.

6) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

കേന്ദ്ര/സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതും ബി4-പട്ടികയുമായി ബന്ധപ്പെടുത്തി സൂക്ഷിക്കേണ്ട ACR സൂക്ഷിയ്ക്കുന്നില്ല. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. എങ്കിലും വാട്ടർ ചാർജ്ജ് രജിസ്റ്റർ, സർക്കാരിലേയ്ക്ക് അടവാക്കാനുള്ള ബാദ്ധ്യതകളുടെ രജിസ്റ്റർ എന്നിവ കൃത്യമായും കാലികമായും സൂക്ഷിച്ചിട്ടില്ല.

8) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

10) ഔദ്യോഗിക വാഹനത്തിന്റെ പരിപാലനം

ഔദ്യോഗിക വാഹനങ്ങളുടെ ഉപയോഗം, മെയിന്റനൻസ്, അറ്റകുറ്റപ്പണികൾ എന്നിവയുമായി ബന്ധപ്പെട്ട് പരിപാലിക്കേണ്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവ സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ സ.ഉ.(പി)നം. 803/70 Fin.,തീയതി 13.11.1970, സ.ഉ.(പി)നം.161/2006/ഫിൻ തീയതി 31.03.2006, സ.ഉ (എം.എസ്) നം 170/07/തസ്വഭവ തീയതി 30.06.07, ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ധന തീയതി 2-8-2008 എന്നീ ഉത്തരവുകളിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗരേഖകളനുസരിച്ച്, ഔദ്യോഗിക വാഹനങ്ങൾക്ക് ലോഗ്ബുക്കിനു പുറമേ താഴെ പറയുന്ന രജിസ്റ്ററുകളും രേഖകളും പരിപാലിക്കേണ്ടതുണ്ട്.

(1) വെഹിക്കിൾ ഹിസ്റ്ററി ബുക്ക് (സ.ഉ. (പി) നമ്പർ 161/2006/fin. Dated,31.03.2006 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാനാണ് വെഹിക്കിൾ ഹിസ്റ്ററി ബുക്ക് പരിപാലിക്കേണ്ടത്).

(2) റിപ്പയർ രജിസ്റ്റർ

(3) സ്റ്റോക്ക് രജിസ്റ്റർ

( 4) ഫ്യുവൽ രജിസ്റ്റർ

വാഹന പരിപാലനവുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള എല്ലാ രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02/12/2021 | 04/2021-06/2021 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24/02/2015 - 09/03/2015 | 2009-10 മുതൽ 2013-14 വരെ | LBA(HQ) II/8A/2278/2015 തീയതി 19/05/2015 |

1-11 ILGMS പാസ്റ്റ് ഡാറ്റാ എൻട്രി(PDE)-അക്കൗണ്ടിങ്ങ് അപാകതകൾ

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം 14/09/2020 FNതീയതി മുതലാണ് ILGMS ഓൺലൈനായി പ്രവർത്തനം തുടങ്ങിയത്. സാമ്പത്തിക വർഷത്തെ 01/04/2020 മുതൽ 13/09/2020 AN

വരെയുള്ള ഇടപാടുകൾ സാംഖ്യയിലും 14/09/2020 FN മുതൽ 31/03/2021 വരെയുള്ള ഇടപാടുകൾ ILGMS ലുമാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. 2020-21 വാർഷിക ധനകാര്യ പത്രിക ജനറേറ്റ് ചെയ്യുന്നതിന് 01/04/2020-ലെ ഇടക്ക ബാലൻസ് ഷീറ്റും(Initial Balance Sheet) 01/04/2020 മുതൽ 13/09/2020 AN വരെയുള്ള സാംഖ്യയിലെ എല്ലാ ശീർഷകങ്ങളിലെയും ധനകാര്യ ഇടപാടുകളുടെ സംക്ഷിപ്തം Past Data Entry ആയി ILGMS-ലെ Finance Module ലേക്ക് PDE ജേർണൽ വൗച്ചർ മുഖേന ഒറ്റത്തവണയായി അക്കൗണ്ട് ചെയ്തിരിക്കുന്നു. അക്കൗണ്ടിങ്ങ് തുടർച്ചയ്ക്കായി(Continuity) ILGMS-ൽ Past Data Entry അക്കൗണ്ടിങ്ങ് നടത്തിയപ്പോൾ സംഭവിച്ച അക്കൗണ്ടിങ്ങ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. ILGMS-ൽ സുസ്ഥിര ആസ്തി ശീർഷകങ്ങൾ മേഖല അടിസ്ഥാനത്തിൽ ആണ് തരം തിരിച്ചിരിക്കുന്നത്. പഞ്ചായത്തിലെ ആസ്തികളുടെ വർഗ്ഗീകരണം, ആസ്തി രജിസ്റ്റർ എന്നിവ പൂർത്തിയാകാത്തതിനാലും സാംഖ്യയിൽ ആസ്തികളുടെ കണക്ക് ശീർഷകങ്ങൾ മേഖല അടിസ്ഥാനത്തിലല്ല അക്കൗണ്ട് ചെയ്തിരുന്നത് എന്നതിനാലും ILGMS-ലെ തുടക്ക ബാലൻസ് ഷീറ്റിൽ ആസ്തികളുടെ അക്കൗണ്ടിങ്ങ് മേഖല അടിസ്ഥാനത്തിൽ ചെയ്തിട്ടില്ല.

2.Other Construction, Movable Assets-plant, Machinery & Tools, Movabel Assets- Office Equipments And Other Equipments, Movable Assets - Others എന്നീ ആസ്തികൾ Other Fixed Assets എന്ന ശീർഷകത്തിലാണ് ILGMS-ലെ ആസ്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

3.ബി 17 – Cash And Bank Balance സാംഖ്യ പ്രകാരം 15019397 രൂപയും ILGMS-ൽ 15016499/- രൂപയുമാണ്.

4.ബി 7 – Deposit Received സാംഖ്യ പ്രകാരമുള്ള Contractor's Security Deposit, Supplier's Security Deposit എന്നിവ ILGMS-ൽ തുകയിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

5.ബി 1 – Panchayath (General) Fund സാംഖ്യ പ്രകാരമുള്ള Excess Of Income Over Expenditure ILGMS-ൽ തുകയിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

6.ബി 9 – Other Liabilities സാംഖ്യ പ്രകാരമുള്ള 350200105 ഹെഡിലെ തുക ILGMS-ൽ തുകയിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

7.ബി 4 – Grants & Contribution For Specific Purposes സാംഖ്യ പ്രകാരമുള്ള 350200301-Recoveries Payable - COVID ഹെഡിലെ തുക ILGMS-ൽ ഉൾപ്പെട്ടിട്ടില്ല.

8.I 1 – Tax Revenue സാംഖ്യ പ്രകാരമുള്ള Profession Tax- Employees ഹെഡിലെ തുക ILGMS തുകയിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

9.I 4(b) – Fee & User Charges സാംഖ്യ പ്രകാരമുള്ള Penalties And Fines - Other Penalties ഹെഡിലെ തുക ILGMS തുകയിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

10.I 6, I 12, I 14, I 14(a) എന്നീ ശീർഷകങ്ങളിൽ ചില തുകകൾ ILGMS-ൽ Multiple Entry ആയി വന്നിട്ടുണ്ട്.

11.ILGMS-ൽ ആർ പി 40 (ബി) 450210101, 450210102 എന്നീ ഹെഡുകളിലെ തുക സാംഖ്യയിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

12.ക്യാപ്പിറ്റൽ കോൺട്രിബ്യൂഷന് ഓരോ ഗ്രാന്റുകൾക്കും ഫണ്ടുകൾക്കും പ്രത്യേകം ശീർഷകങ്ങൾ ILGMS-ൽ ലഭ്യമായിരുന്നു. എന്നാൽ പഞ്ചായത്ത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ സൂക്ഷിക്കുകയോ ആയതിന്റെ വർഗ്ഗീകരണ വിശദാംശം സൂക്ഷിക്കുകയോ ചെയ്യാതിരുന്നതിനാൽ ആകെ Capital Contribution പൊതുവായ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

Past Data Entry യിൽ കണക്ക് ശീർഷകങ്ങളുമായി ബന്ധപ്പെട്ട് സംഭവിച്ച അപാകതകൾ കൃത്യമായ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ തുടർവർഷം പരിഹരിക്കേണ്ടതാണ്. വിഷയം തിരിച്ച് കൃത്യമായ ശീർഷകങ്ങൾ(Specific Account Heads) ILGMS-ൽ ലഭ്യമായിട്ടുണ്ടെങ്കിൽ പൊതു ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ട ഇനങ്ങൾ കൃത്യമായ ക്രമീകരണം നടത്തേണ്ടതാണ്.

## 1-12 പ്രോജക്റ്റ് ചെലവ്-ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല

2020-21 വർഷം കൃഷി ഓഫീസർ നടപ്പാക്കിയ നെൽകൃഷി വികസനം ( നം. 03/20-21) എന്ന പ്രോജക്ടിന് 684160/- രൂ ചെലവഴിച്ചതിൽ 169632/- രൂപയുടെ ചെലവിനാസ്പദമായ ബിൽ ബിൽബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

കേരള ട്രഷറി കോഡ് 223-ാം റൂൾ പ്രകാരം ട്രഷറി ഇടപാടുകൾ ബിൽ ബുക്കിൽ രേഖപ്പെടുത്തിമാത്രമേ നടത്താൻ പാടുള്ളൂ. ബിൽ ബുക്ക് നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഡ്യൂപ്ളിക്കേറ്റ് ബിൽ ബുക്ക് ജനറേറ്റ് ചെയ്ത് ഓഡിറ്റ് പർപ്പസിനായി ഹാജരാക്കേണ്ടതുമാണ്-Rule 223 NOTE 7(d). G.O.(P) No.69/2019/Fin തീയതി 20/06/2019, ട്രഷറി ഡയറക്ടറുടെ 19/11/2019 ലെ E-1921/2018 നം. കത്ത് എന്നിവ പ്രകാരം സാംഖ്യയിൽ ജനറേറ്റ് ചെയ്യുന്ന ബില്ലുകൾക്ക് ഡിജിറ്റൽ സൈൻ നടപ്പാക്കിയിട്ടില്ലാത്തതിനാൽ ഡിജിറ്റൽ സൈൻ നിലവിൽ വരുന്നതുവരെ പ്രാദേശിക സർക്കാരുകളുടെ ബില്ലുകൾ മാറുന്നതിന് ബിൽ ബുക്ക് സംവിധാനം തുടരേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് ബിൽ ബുക്കില്ലാതെ മാറിയ ബില്ലുകളുടെ വിവരം ട്രഷറി രേഖകൾ പരിശോധിച്ച് ബിൽ ബുക്കിൽ ചേർത്ത് നൽകേണ്ടതും അപേക്ഷിക്കുന്ന മുറയ്ക്ക് പുതിയ ബിൽ ബുക്ക് നൽകേണ്ടതാണെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ബിൽ ബുക്കിൽ രേഖപ്പെടുത്താതെ ബിൽ മാറിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(26/01.07.2022) ബിൽ ബുക്കിൽ രേഖപ്പെടുത്താത്തത് പരിയക്കുറവ് മൂലമാണെന്നും കർഷകർക്ക് ആനുകൂല്യം ലഭ്യമായിട്ടുള്ളതുമാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഇ-ബിൽ ബുക്ക് സംവിധാനം നിലവിൽ വരുന്നതുവരെ മാനുവൽ ബിൽ ബുക്ക് സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി കുടിശ്ശിക തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം മുൻ വർഷങ്ങളിലേതുൾപ്പെടെ ആകെ 38,17,881 രൂപ വസ്തുനികുതിയിനത്തിൽ കുടിശ്ശികയുള്ളതായി കാണുന്നു. ഇത്രയും ഭീമമായ കുടിശ്ശികയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08/30.06.22) കുടിശ്ശികയായ തുകയിൽ 3348792 രൂപ ലേബർ ഇൻഡ്യ എന്ന സ്ഥാപനത്തിന്റെ 2013-14 വർഷം മുതലുള്ള കുടിശ്ശികയാണെന്നും പ്രസ്തുത സ്ഥാപനം കെട്ടിട നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നൽകിയതിനാൽ ഈ തുക ഈടാക്കുന്നതിന് സാധിക്കുന്നില്ലായെന്നും ബാക്കി തുക 2021-22 വർഷം പിരിച്ചെടുത്തിട്ടുള്ളതാണെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. കേസിന്റെ വിധിയ്ക്ക് അനുസൃതമായി തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 ഡ്രൈവർക്ക് യാത്രാ ബത്ത അധികം അനുവദിച്ചിരിക്കുന്നു

കെ. എസ്.ആർ വാല്യം 1, പാർട്ട് II, ചട്ടം 110 പ്രകാരം ഔദ്യോഗിക വാഹന യാത്രകൾക്ക് ആകസ്മിക ചെലവുകൾക്ക് മാത്രമാണ് അർഹത. കുറഞ്ഞ ആകസ്മിക ചെലവ് അര ദിന ബത്തയാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ ഡ്രൈവറായ ശ്രീ.ജിനോ തോമസിന് ഒരു യാത്രയ്ക്ക് മുഴുവൻ തുകയും യാത്രാബത്തയായി നല്കിയതായി കാണുന്നു. ഇപ്രകാരം 03/20 മുതൽ 09/20 വരെയുള്ള കാലയളവിൽ നടത്തിയിട്ടുള്ള യാത്രകൾക്കായി 22000277/01.01.21 നമ്പർ വൗച്ചർ പ്രകാരം അധികമായി നൽകിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | യാത്ര തീയതി | കൈപ്പറ്റിയ തുക | അർഹതയുള്ള ഡിഎ | അധികം നൽകിയ ഡിഎ |
|---|---|---|---|---|
| 1 | 04.03.20 | 250 | 125 | പ്രതിമാസ യാത്രാ പരിധിയിൽ ലിമിറ്റ് ചെയ്ത് 1380 രൂപയാണ് 3/20 |
| 2 | 10.03.20 | 250 | 125 | |
| 3 | 14.03.20 | 250 | 125 | |

| | | | | |
|---|---|---|---|---|
| | | | | മാസം യാത്രാ ബത്ത ഇനത്തിൽ നൽകിയിരിക്കുന്നത്. അധികം നൽകിയ തുക 1380-750= 630 രൂപ |
| 4 | 29.03.20 | 250 | 125 | |
| 5 | 30.03.20 | 250 | 125 | |
| 6 | 31.03.20 | 250 | 125 | |
| | ആകെ | 1500 | 750 | |
| 7 | 01.04.20 | 250 | 125 | പ്രതിമാസ യാത്രാ പരിധിയിൽ ലിമിറ്റ് ചെയ്ത് 1380 രൂപയാണ് 4/20 മാസം യാത്രാ ബത്ത ഇനത്തിൽ നൽകിയിരിക്കുന്നത്. അധികം നൽകിയ തുക 1380-750= 630 രൂപ |
| 8 | 02.04.20 | 250 | 125 | |
| 9 | 03.04.20 | 250 | 125 | |
| 10 | 04.04.20 | 250 | 125 | |
| 11 | 06.04.20 | 250 | 125 | |
| 12 | 08.04.20 | 250 | 125 | |
| | ആകെ | 1500 | 750 | |
| 13 | 04.05.20 | 250 | 125 | പ്രതിമാസ യാത്രാ പരിധിയിൽ ലിമിറ്റ് ചെയ്ത് 1380 രൂപയാണ് 5/20 മാസം യാത്രാ ബത്ത ഇനത്തിൽ നൽകിയിരിക്കുന്നത്. അധികം നൽകിയ തുക 1380-750= 630 രൂപ |
| 14 | 06.05.20 | 250 | 125 | |
| 15 | 11.05.20 | 250 | 125 | |
| 16 | 12.05.20 | 250 | 125 | |
| 17 | 13.05.20 | 250 | 125 | |
| 18 | 14.05.20 | 250 | 125 | |
| | ആകെ | 1500 | 750 | |
| 19 | 02.06.20 | 250 | 125 | പ്രതിമാസ യാത്രാ പരിധിയിൽ ലിമിറ്റ് ചെയ്ത് 1380 രൂപയാണ് 6/20 മാസം യാത്രാ ബത്ത ഇനത്തിൽ നൽകിയിരിക്കുന്നത്. അധികം നൽകിയ തുക 1380-750= 630 രൂപ |
| 20 | 08.06.20 | 250 | 125 | |
| 21 | 12.06.20 | 250 | 125 | |
| 22 | 16.06.20 | 250 | 125 | |
| 23 | 17.06.20 | 250 | 125 | |
| 24 | 29.06.20 | 250 | 125 | |
| | ആകെ | 1500 | 750 | 1250-625= 625 |
| 25 | 14.07.20 | 250 | 125 | |
| 26 | 15.07.20 | 250 | 125 | |
| 27 | 18.07.20 | 250 | 125 | |
| 28 | 29.07.20 | 250 | 125 | |
| 29 | 30.07.20 | 250 | 125 | |
| | ആകെ | 1250 | 625 | |
| 30 | 05.08.20 | 250 | 125 | 1500-750= 750 |
| 31 | 06.08.20 | 250 | 125 | |

| | | | | |
|---|---|---|---|---|
| 32 | 12.08.20 | 250 | 125 | |
| 33 | 17.08.20 | 250 | 125 | |
| 34 | 19.08.20 | 250 | 125 | |
| 35 | 21.08.20 | 250 | 125 | |
| | ആകെ | 1500 | 750 | |
| 36 | 12.09.20 | 250 | 125 | 1250-625= 625 |
| 37 | 22.09.20 | 250 | 125 | |
| 38 | 24.09.20 | 250 | 125 | |
| 39 | 29.09.20 | 250 | 125 | |
| 40 | 30.09.20 | 250 | 125 | |
| | ആകെ | 1250 | 625 | |
| | 03/20 മുതൽ 09/20 വരെയുള്ള മാസങ്ങളിൽ യാത്രാ ബത്ത ഇനത്തിൽ അധികമായി നൽകിയ തുക | | | 4520 രൂപ |

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/01.07.20) ഡ്രൈവർക്ക് എല്ലാ ദിവസവും എന്ന രീതിയിൽ തന്നെ യാത്ര ഉണ്ടാകാറുണ്ടെങ്കിലും പെർഫോർമൻസ് ഓഡിറ്റിൽ നിന്ന് വാക്കാൽ 250 രൂപ വീതം എഴുതുന്നതിന് അനുമതി ലഭിച്ചിരുന്നതിനാലാണ് ഇപ്രകാരം യാത്രാ ബത്ത നൽകിയതെന്നും പ്രസ്തുത നിർദ്ദേശം ലഭിച്ചിട്ടില്ലായിരുന്നെങ്കിൽ നടത്തിയ എല്ലാ യാത്രകളും 125 രൂപ നിരക്കിൽ ഉൾപ്പെടുത്തുമായിരുന്നുവെന്നും പഞ്ചായത്തിന് യാതൊരു സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലയെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ലെ വ്യവസ്ഥകൾക്ക് അനുസൃതമായി മാത്രമേ യാത്രാബത്ത നൽകുവാൻ പാടുള്ളൂ എന്നിരിക്കെ മറുപടി അംഗീകരിക്കുവാൻ നിർവ്വാഹമില്ല. അധികം നൽകിയ യാത്രാബത്ത 4520/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഭാവിയിൽ ഓരോ മാസത്തെയും എല്ലാ യാത്രകളും അര ദിനബത്ത നിരക്കിൽ കണക്കാക്കി പ്രതിമാസ യാത്രാ പരിധിയിൽ ലിമിറ്റ് ചെയ്ത് യാത്രാ ബത്ത കണക്കാക്കേണ്ടതാണ്.

1-15 ക്വട്ടേഷൻ ക്ഷണിക്കാതെ പ്രിന്റിംഗിനായി തുക അനുവദിച്ചു.

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടേഴ്സ് ലിസ്റ്റ് പ്രിന്റ് ചെയ്യുന്നതിനായി വൗച്ചർ നമ്പർ 22000246 തീയതി 21.12.20 പ്രകാരം 21687 രൂപ ഗ്ലോബൽ റിപ്രോഗ്രാഫിക്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിക്കായി ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല. മാത്രമല്ല. മരങ്ങാട്ട്പിള്ളി ഗ്രാമപഞ്ചായത്തിന്റ 2020-21 പ്രിന്റിംഗ് പ്രവർത്തികൾക്കായി ക്വട്ടേഷൻ ഏറ്റെടുത്തിട്ടുള്ള ജനത പ്രിന്റേഴ്സ് എന്ന സ്ഥാപനത്തെ ഒഴിവാക്കിയാണ് ഗ്ലോബൽ റിപ്രോഗ്രാഫിക്സിനെ വോട്ടേഴ്സ് ലിസ്റ്റ് പ്രിന്റ് ചെയ്യുന്നതിനായി തെരഞ്ഞെടുത്തത്. കൂടാതെ എത്ര പകർപ്പുകൾ പ്രിന്റ് ചെയ്തു, എത്ര രൂപ നിരക്കിലാണ് പ്രിന്റ് ചെയ്തത് എന്ന് ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/01.07.22) തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അച്ചടി പ്രവൃത്തികൾ അടിയന്തിരമായി ചെയ്തു തീർക്കേണ്ടതിനാലും ജനതാ പ്രിന്റേഴ്സിൽ നിരക്ക് കൂടുതലായതിനാലുമാണ് ഗ്ലോബൽ റിപ്രോഗ്രാഫിക്സിനെ കൊണ്ട് പ്രന്റിംഗ് വർക്കുകൾ ചെയ്യിച്ചതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ എത്ര പകർപ്പുകൾ പ്രിന്റ് ചെയ്തു, ഏത് നിരക്കിലാണ് പ്രിന്റ് ചെയ്തത് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പരാമർശിത വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

1-16 പത്രപരസ്യം- അനുവദനീയമായ ഡിസ്കൗണ്ട് ലഭ്യമാക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ ടെണ്ടർ പരസ്യങ്ങൾ ദീപിക

ദിനപത്രത്തിൽ നൽകിയതിന് 2020-21 വർഷം വൗച്ചർ നമ്പർ 22000330 തീയതി 19.01.21 പ്രകാരം 15012 രൂപ ദീപിക ലിമിറ്റഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ജി.ഒ(ആർ.ടി)1/2011 /പി.ആന്റ്.എ.ആർഡി,തീ.04.01.2011 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ദീപികയിൽ നിന്നും പ്രസ്തുത ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/01.07.22) ഇനി വരുന്ന ബില്ലുകളിൽ നിർബന്ധമായും ഡിസ്കൗണ്ട് ഉൾപ്പെടുത്തി വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ പത്ര പരസ്യങ്ങൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമാക്കേണ്ടതാണ്.

## 1-17 സാക്ഷരത പ്രേരക്മാരുടെ വേതനം റീക്കപ്പ് ചെയ്തിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും സാക്ഷരതാ പ്രേരകുമാർക്ക് തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ വിശദാംശങ്ങൾ | പ്രേരക് | തുക |
|---|---|---|
| വൗച്ചർ നം 22000495 തീയതി 25.03.21 തുക 36204 | മാത്യു കെ.ഡി | 13024 |
| | ഓമന സുധൻ | 15480 |
| | എൽസി സ്റ്റീഫൻ | 7700 |
| വൗച്ചർ നം 22000518 തീയതി 31.03.21 തുക 18218 | മാത്യു കെ.ഡി | 6808 |
| | ഓമന സുധൻ | 7560 |
| | എൽസി സ്റ്റീഫൻ | 3850 |
| ആകെ | | 54422 |

എന്നാൽ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് പ്രേരക്മാരുടെ വേതനമായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 54422/-രൂപ നാളിതുവരെ റീക്കപ്പ് ചെയ്തിട്ടില്ലയെന്ന് കാണുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (19/01.07.22) പ്രസ്തുത തുകകൾ തിരികെ ഈടാക്കുന്നതിന് സാക്ഷരതാ മിഷന് കത്ത് നൽകിയിട്ടുള്ളതാണെന്നും തിരികെ ലഭിക്കുന്ന മുറക്ക് ക്രമീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുക റീക്കപ്പ് ചെയ്ത് വിവരമറിയിക്കുകയോ/തനതു ഫണ്ടിൽ അവശേഷിയ്ക്കുന്ന തുക ക്രമീകരിയ്ക്കുകയോ ചെയ്യേണ്ടതാണ്.

## 1-18 കറണ്ട് കണക്ഷൻ ലഭ്യമായതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

വൗച്ചർ നമ്പർ 22000294 തീയതി 06.01.21 പ്രകാരം V/99A നമ്പർ പി.എച്ച്.സി കെട്ടിടത്തിന് കറണ്ട് കണക്ഷൻ ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി.യിൽ 86822 രൂപ തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്. വൈദ്യുത കണക്ഷൻ ലഭ്യമായതിന്റ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/01.07.22) കറണ്ട് കണക്ഷൻ എടുത്തതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബിക്ക് കത്ത് നൽകിയിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, വൈദ്യുത കണക്ഷൻ ലഭിച്ചിട്ടുള്ളതായി വൈസ് പ്രസിഡന്റ് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചിട്ടുമുണ്ട്. പ്രസ്തുത വിനിയോഗ സാക്ഷ്യപത്രവും വൈദ്യുത കണക്ഷൻ എടുത്തതിന്റെ രേഖകളും (കൺസ്യൂമർ നമ്പർ ഉൾപ്പെടെയുള്ളവ) പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1-19 ഉമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ്- പൂർണ്ണമായും പ്രവർത്തനക്ഷമമായില്ല

| | |
|---|---|
| പ്രോജക്ട് നം | 166/21 |
| ചെലവ്/ബിൽ നം. | 217458<br>47600 (2019-20-മുൻകൂർ)<br>വികസനഫണ്ട്- 158400- 10/20-21 /08.01.21<br>തനത് ഫണ്ട്- 11458-259/24.02.21 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള മാർക്കറ്റിൽ ജൈവ മാലിന്യ സംസ്കരണത്തിന് ഉമ്പൂർമൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 വർഷം പ്രോജക്ട് തയ്യാറാക്കുകയും സോഷ്യോ എക്കണോമിക് യൂണിറ്റുമായി കരാറിലേർപ്പെട്ട് 47600 രൂപ സ്ഥാപനത്തിന് മുൻകൂറായി നൽകുകയും ചെയ്തിരുന്നു. 2020-21ൽ പദ്ധതി സ്പിൽ ഓവറായി തുടരുകയും (166/21) മേൽ ബില്ലുകൾ പ്രകാരം വികസന ഫണ്ടിനത്തിൽ 158400 രൂപയും തനത് ഫണ്ടിനത്തിൽ 11458 രൂപയും ഉൾപ്പെടെ ആകെ 169858 രൂപ തൻ വർഷം നൽകുകയും ചെയ്തു. എന്നാൽ പ്രസ്തുത സ്ഥലത്ത് പരിശോധന നടത്തിയതിൽ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും മാലിന്യങ്ങൾ നിക്ഷേപിച്ച് ആയത് പൂർണ്ണമായും പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതായി കണ്ടില്ല. പ്ലാന്റ് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കാത്തതിനുള്ള വിശദീകരണവും പ്രവർത്തിപ്പിക്കുവാൻ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.05/29.06.21) പഞ്ചായത്തിലെ റോഡ് സ്വീപ്പറെ കടകളിൽ നിന്നും തെരുവിൽ നിന്നും ജൈവ മാലിന്യങ്ങൾ പ്ലാന്റിൽ എത്തിച്ച് സംസ്കരിക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്നെങ്കിലും ടിയാൾ വീഴ്ച വരുത്തിയതിനാൽ 02.03.22-ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി മറ്റൊരാൾക്ക് ചുമതല നൽകി ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ സ്ഥല പരിശോധനയിൽ പ്ലാന്റിൽ മാലിന്യനിക്ഷേപം പൂർണ്ണതോതിൽ ആരംഭിച്ചിട്ടില്ലെന്നും ഇനോക്കുലം ഉപയോഗിച്ചിട്ടില്ലെന്നും ബോധ്യപ്പെട്ടു. ഇനോക്കുലം ഉപയോഗിക്കാതെ സൂക്ഷിച്ചാൽ കാലപ്പഴക്കത്താൽ ഉപയോഗശൂന്യമാകുന്നതാണ്. ആയതിനാൽ അടിയന്തിരമായി പ്ലാന്റിൽ ജൈവമാലിന്യങ്ങൾ നിക്ഷേപിച്ച് പൂർണ്ണമായും പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 ജലനിധി -സുസ്ഥിരവികസന പദ്ധതി നടത്തിപ്പ്

മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിൽ 2013 - 14 മുതൽ ജലനിധി പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനും ജലലഭ്യത ഉറപ്പാക്കുന്നതിനും ഫണ്ട് ചെലവഴിക്കുന്നുണ്ട്. തൊടുപുഴയിലെ റീജിയണൽ പ്രൊജക്റ്റ് മാനേജ്മെൻറ് യൂണിറ്റ് ഡയറക്ടറുടെ 15.06.2020 ലെ KRWSA / RPMU / IDK / 357/ 2016 - IA 2 നമ്പർ കത്ത് പ്രകാരം രണ്ടാം ജലനിധി പഞ്ചായത്തുകളിലെ ജലഗുണനിലവാര പ്രശ്നമുള്ളതും സ്രോതസ്സുകൾ അപര്യാപ്തമായതുമായ പദ്ധതികൾക്ക് കേരള സർക്കാർ അനുവദിച്ചിട്ടുള്ള സുസ്ഥിര പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് അനുവദിക്കാൻ തീരുമാനിച്ചിരുന്നതായി ഗ്രാമപഞ്ചായത്തിൽ അറിയിച്ചിരുന്നു. ഗുണനിലവാര പ്രശ്നമുള്ള പദ്ധതികളുടെ ജലപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവ പരിഹരിക്കുന്നതാണ് എന്ന വിവരവും കത്തിൽ സൂചിപ്പിച്ചിരുന്നു.

മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിൽ ചുവടെ സൂചിപ്പിയ്ക്കുന്ന കുടിവെള്ള പദ്ധതികൾ സുസ്ഥിര വികസന പദ്ധതിക്കായി തെരഞ്ഞെടുത്തിരുന്നു.

1. സാഗർ കുടിവെള്ള പദ്ധതി
2. മരങ്ങാട്ടുപള്ളി കുടിവെള്ള പദ്ധതി
3. ജലധാര കുടിവെള്ള പദ്ധതി

മേൽ സൂചിത കുടിവെള്ള പദ്ധതികളിലെ വെള്ളം ഉപയോഗയോഗ്യമല്ലാത്തതിനാലാണ് സുസ്ഥിര വികസന പദ്ധതിയിലേക്ക് തെരഞ്ഞെടുത്തത്. 2019 - 20 സാമ്പത്തിക വർഷം 2200,000 രൂപ ടി പ്രൊജക്റ്റുകൾക്കായി വരവ് വന്നിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷം വരെ തുക ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വൻ തുക ചെലവഴിച്ച് നിർമ്മിച്ച കുടിവെള്ള പദ്ധതികൾ തുടർപ്രവർത്തനം സാദ്ധ്യമാവാതെ നിഷ്ക്രിയമായിപ്പോകുന്ന അവസ്ഥയിലാണ്.കൂടാതെ കമ്മിഷൻ ചെയ്ത24 കുടിവെള്ള പദ്ധതികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുമില്ല. ഭരണസമിതിയുടെ സത്വരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-21 ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടക്കേണ്ടതാണ്. റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. 2020-21വാർഷികകണക്കുപ്രകാരം 78464രൂപ ഇത്തരത്തിൽ തനതുഫണ്ടിൽ അവശേഷിക്കുന്നുണ്ട്. ടാർവീപ്പകളുടെ വിലയോടൊപ്പം ഈടാക്കിയിട്ടുള്ള 18% ജി.എസ്.റ്റി ഉൾപ്പെടെയുള്ള തുകയാണ് ഇപ്രകാരം 350300199എന്ന ശീർഷകത്തിൽ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത്.

രേഖാമൂലം മറുപടി ലഭ്യമാക്കുന്നതിനും പരിഹാരനടപടികൾ സ്വീകരിക്കുന്നതിലേക്കുമായി, 21/01.07.2022 നമ്പർ അന്വേഷണക്കുറിപ്പ് പ്രകാരം, അപാകത ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ബാരൽവില ഇനത്തിൽ തനതുഫണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുകഅതാത് ഫണ്ട് ശീർഷകത്തിൽ തിരിച്ചടയ്ക്കേണ്ടതും ജി.എസ്.റ്റി തുക നിശ്ചിത ശീർഷകത്തിൽ ബന്ധപ്പെട്ട സ്ഥാപനത്തിൽ അടവാക്കേണ്ടതുമാണ്.

## 1-22 ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തുന്നു

പഞ്ചായത്ത് 20-21 വർഷത്തിൽ നടപ്പിലാക്കിയിട്ടുള്ള 67,73,79,74,65 നമ്പർ അങ്കണവാടികളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളും, ഭൂമിയും പഞ്ചായത്തിന്റെ ആസ്തി റജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. തദ്ദേശ സ്ഥാപനത്തിന്റെ കീഴിലും നിയന്ത്രണത്തിലുമുള്ള സ്ഥലങ്ങളിലാണ് നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ടത്. കൂടാതെ തൻ വർഷം വിവിധ മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി ചെലവഴിച്ചിട്ടുള്ള തുക ആസ്തി മൂല്യമായി ആസ്തി രജിസ്റ്ററിലേയ്ക്ക് ഉൾപ്പെടുത്തിയിട്ടില്ല. എല്ലാ ആസ്തികളുടെയും മൂല്യങ്ങൾ ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (22/01.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതികൾ സർക്കാർ ഉത്തരവ് (ആർ റ്റി) 166/2017 എൽ എസ് ജി ഡി തീ 20-1-2017 പ്രകാരം അംഗീകരിക്കപ്പെട്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകവുമായ അസറ്റ് മാനേജ്മെന്റ് മാന്വൽ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.അസറ്റ് മാനേജ്മെന്റ് പ്ലാൻ പ്രകാരം മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. ആസ്തി സംരക്ഷണപ്രവർത്തനങ്ങളുടെ വാർഷിക കലണ്ടർ

തയ്യാറാക്കുകയോ ആസ്തികളുടെ വാർഷിക സ്ഥിതി നിർണ്ണയം നടത്തുകയോ ചെയ്തിട്ടില്ല.

2.സ.ഉ.(കൈ)നം. 147/2018/തസ്വഭവ തീയതി 05.10.2018 പ്രകാരം ആസ്തികളുടെ ചുമതലയുള്ള അസി.സെക്രട്ടറി ആസ്തികളുടെ അപ്ഡേഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

3.ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും കൃത്യമായ ഇടവേളകളിൽ അപ്ഡേറ്റ് ചെയ്യുകയോ നിയമാനുസൃതമുള്ള കോളങ്ങൾ പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല.

4.കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

5.ആസ്തികളിടെ പ്രതിമാസ,അർദ്ധവർഷ,വാർഷിക അവലോകനം നടത്തി റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/01.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 പാലിയേറ്റീവ് കെയർ നേഴ്സിന് ഇൻസെന്റീവ് വികസനഫണ്ടിൽ നിന്നും അനുവദിച്ചു

സ.ഉ.(സാധാ)നം.1615/2020/ത.സ്വ.ഭ.വ തീയതി 07.09.2020 പ്രകാരം കോവിഡ് 19 കാലഘട്ടത്തിൽ പ്രവർത്തിച്ച് വരുന്ന ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ നേഴ്സ്മാർക്ക് 2020 മാർച്ച് മാസം മുതൽ ആറുമാസത്തേയ്ക്ക് പ്രതിമാസം 1000 രൂപ വീതം ഇൻസെന്റീവ് അനുവദിക്കാമെന്ന് നിഷ്കർഷിച്ചിരുന്നു.പ്രസ്തുത ഉത്തരവിന് തുടർച്ചയായി 05.10.2020ലെ സ.ഉ(സാധാ)നം.1820/2020 /ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പ്രസ്തുത ഇൻസെന്റീവ് 2020 സെപ്റ്റംബർ മാസം മുതൽ ആറു മാസത്തേയ്ക്ക് കൂടി പ്രതിമാസം 1000 രൂപ നിരക്കിൽ അനുവദിച്ചുകൊണ്ടും ഇതിനാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്ടിലുൾപ്പെടുത്തി (പ്രോജക്ട് നം. 99/21) പാലിയേറ്റീവ് കെയർ നേഴ്സായ ശ്രീമതി. റീന ചെറിയാന് 2020 മാർച്ച് മാസം മുതൽ 2021 ഫെബ്രുവരി മാസം വരെ ഇൻസെന്റീവ് ഇനത്തിൽ 12000 രൂപ വികസനഫണ്ട് (ജനറൽ)-ൽ നിന്നും താഴെപറയും പ്രകാരം നൽകിയിട്ടുണ്ട്.

| ബിൽ നം. | ബില്ലിൽ നിന്നും ഇൻസെന്റീവ് ഇനത്തിൽ നൽകിയ തുക |
|---|---|
| 06/20-21/11.01.21 | 6000 (03/20 – 08/20 ) |
| 08/20-21/11.01.21 | 3000 ( 09/20 – 11/20 ) |
| 10/20-21/20.01.21 | 1000 ( 12/20 ) |
| 12/20-21/10.02.21 | 1000 ( 01/21 ) |
| 16/20-21/26.03.21 | 1000 (02/21 ) |
| ആകെ | 12000 |

ഇപ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി ഇൻസെന്റീവ് 2020 സെപ്റ്റംബർ മുതലുള്ള മാസങ്ങളിൽ (6000/- രൂപ ) തനത് ഫണ്ടിൽ നിന്ന് നൽകാതെ വികസനഫണ്ടിൽ നിന്ന് തന്നെ നൽകിയതിന് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (4/29.06.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 6000 /- രൂപ തനത് ഫണ്ടിൽ നിന്നും സഞ്ചിത നിധിയിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ് .

1-24 മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 22/21 |
| പദ്ധതി | പി എച്ച് സി യിലേക്ക് |

| | |
|---|---|
| | മരുന്ന് വാങ്ങൽ |
| തുക/ബിൽ നം.തീയതി | 200000/-<br>(13/20-21/10.02.2021) |
| ലഭ്യമാക്കുവാൻ അവശേഷിക്കുന്ന മരുന്നിന്റെ തുക | 36669/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി |

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 99/21 , |
| പദ്ധതി | പാലിയേറ്റിവ് കെയർ |
| തുക/ബിൽ നം.തീയതി | 26978/-15/2021തീയതി 26.03.2021 |
| | 120000/- 14/20-21 തീയതി 10.02.2021 |
| ലഭ്യമാക്കുവാൻ അവശേഷിക്കുന്ന മരുന്നിന്റെ തുക | 36986/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി |

പി എച്ച് സി യിലേക്ക് മരുന്നുകൾ വാങ്ങുന്നതിനും, പാലിയേറ്റിവ് കെയർ യൂണിറ്റിലെ ആവശ്യങ്ങൾക്കായി വിവിധ ഉപകരണങ്ങൾ / മരുന്നുകൾ / കൺസ്യൂമബിൾസ് എന്നിവ വാങ്ങുന്നതിനായി മേൽ പദ്ധതികൾ പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് തുക കൈമാറി നൽകിയിരുന്നു. എന്നാൽ ഫയൽ / സ്റ്റോക്ക് രജിസ്റ്റർ എന്നിവ പ്രകാരം 73665/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ലായെന്ന് കാണുന്നു. ഇവ തുടർന്ന് ലഭിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ, ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (10/30.06.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ടി സാഹചര്യത്തിൽ 73665/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു . അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 പി എച്ച് സി അടിസ്ഥാന സൗകര്യം എൻ ആർ എച്ച് എം ഫണ്ട് കൈമാറൽ - രേഖകൾ ലഭ്യമല്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 101/21 |
| പദ്ധതി | പി എച്ച് സി അടിസ്ഥാന സൗകര്യം എൻ ആർ എച്ച് എം ഫണ്ട് കൈമാറൽ |
| തുക | 2200000 /- |
| ബിൽ നമ്പർ / തീയതി | 9/20-21 / 11.01.21 - 700000 |
| | 11/20-21 / 20.01.21 - 1500000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി |

മരങ്ങാട്ടുപള്ളി പി എച്ച് സി യെ എഫ് എച്ച് സി ആക്കി മാറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യവികസന

പദ്ധതിക്കായി ആരോഗ്യ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിതി കേന്ദ്രത്തിന് 22 ലക്ഷം രൂപ ട്രാൻസ്ഫർ ചെയ്ത് നല്കകിയിട്ടുണ്ട്. ടി തുക ചെലവഴിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ആരോഗ്യകേരളം ജില്ലാ ഓഫിസിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി തൃപ്തികരമായി പൂർത്തീകരിച്ചത് സംബന്ധിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം , ഏതൊക്കെ പ്രവൃത്തികളാണ് നിർവ്വഹിച്ചത് എന്നതിന്റെ വിശദാംശങ്ങൾ , നിർമ്മിതി കേന്ദ്രത്തിൽ നിന്നുള്ള ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കിയിട്ടില്ല. ടി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (10/30.06.2020) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-26 കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ.

മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിൽ സ.ഉ (സാധാ)നം. 1364/2020തസ്വഭവ തീയതി 16.07.2020 പ്രകാരം ലേബർ ഇൻഡ്യ കെട്ടിടത്തിൽ 4.08.2020മുതൽ 31.12.2020വരെ CFLTCയും തുടർന്ന് 9/2021വരെ മരങ്ങാട്ടുപള്ളി പി.എച്ച്.സി പഴയ കെട്ടിടത്തിൽ DCCയും പ്രവർത്തിച്ചിരുന്നു.

സിഎഫ്എൽടിസി നടത്തിപ്പിനായി 3292943 രൂപ 2020-21 വർഷം ഗ്രാമപഞ്ചായത്ത് കോവിഡ് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിരുന്നു. 1245147 രൂപ ജില്ലാദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ചുവടെ ചേർക്കും പ്രകാരം തിരികെ ലഭിച്ചിട്ടുണ്ട്.

| ഉത്തരവ് നം / തീയതി | തുക (രൂപ) |
|---|---|
| F3-3589/20 DCKTM 05/10/20 | 115609 |
| F3-3589/20 DCKTM 07/10/2020 | 500000 |
| F3-3589/20 DCKTM 27/11/20 | 629538 |
| ആകെ | 1245147 |

കോവിഡ് പ്രവർത്തന ഫണ്ട് നിക്ഷേപിക്കുന്നതിനായി ട്രഷറിയിൽ സ്പെഷ്യൽ TSB അക്കൗണ്ട് 18/08/20 ൽ തുടങ്ങിയെങ്കിലും പ്രസ്തുത അക്കൗണ്ടിലൂടെ പണമിടപാട് നടത്തിയിരുന്നില്ല. 2020-21 വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി രസീത് മുഖേന സംഭാവന ശേഖരിച്ചിരുന്നില്ല. സാധന സാമഗ്രികളായാണ് സംഭാവനകൾ കൂടുതലും ലഭ്യമായത്. ഇതുസംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല.

ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിച്ച് നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വളരെ ഫലപ്രദമായിരുന്നുവെന്നാണ് ഓഡിറ്റിന് ലഭ്യമായ രേഖകളിൽ നിന്ന് വ്യക്തമാകുന്നത്.

## 1-27 തനതു ഫണ്ടിൽ സൂക്ഷിച്ചിരിയ്ക്കുന്ന തുക സർക്കാരിലേയ്ക്ക് നാളിതുവരെ അടവാക്കിയിട്ടില്ല

ചുവടെ സൂചിപ്പിയ്ക്കുന്ന തുകകൾ തനതുഫണ്ടിൽ സൂക്ഷിച്ചിരിയ്ക്കുന്നു. ബാലൻസ് ഷീറ്റിൽ ഡ്യൂസ് റ്റു ഗവൺമെന്റ് ഹെഡിൽ ആയിരുന്നു ടി തുകകൾ ഉൾപ്പെടുത്തേണ്ടിയിരുന്നത്.

1. അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വനിതകൾക്ക് സ്വയം തൊഴിൽ എന്ന പ്രോജക്ട് (89/21)നിർവ്വഹണവുമായി ബന്ധപ്പെട്ട് മിനിമോൾ, കാപ്പുങ്കൽ, കുര്യനാട് എന്ന ഗുണഭോക്താവിന് പശുവിനെ വാങ്ങുന്നതിനായി 50000രൂപ നൽകിയിരുന്നു. ടിയാരി പശുവിനെ വാങ്ങാത്തതിനാൽ ടിതുക തനതു ഫണ്ടിലേയ്ക്ക് അടവാക്കിയിരുന്നു.

2. ബാലൻസ് ഷീറ്റിൽ B9 പട്ടികയിൽ 350300108 ഹെഡിൽ 5000/- രൂപ റോയൽറ്റി ഇനത്തിൽ ബാലൻസ് ഷീറ്റിൽ അവശേഷിയ്ക്കുന്ന തുക.

3. ബാലൻസ് ഷീറ്റിൽ B4 പട്ടികയിൽ 320300199-ഹെഡിൽ 1604826/- രൂപ (ഏതിനത്തിലെ തുകയാണെന്ന് വ്യക്തമാക്കിയിട്ടില്ല.)

തുകകൾ സർക്കാരിലേയക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-28 അഗതി രഹിത കേരളം പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് ഉറപ്പുവരുത്തിയില്ല

പഞ്ചായത്തിലെ അഗതി കുടുബങ്ങൾക്കായി കുടുബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10/03/2019-ലെ K3/I//2019ഉത്തരവ് പ്രകാരം ഭക്ഷണം, ചികിത്സ, വസ്ത്രം, വീട്, കുടിവെള്ളം, വിദ്യാഭ്യാസം, വീട് പുനരുദ്ധാരണം, വൈദ്യുതീകരണം, മെഡിക്കൽ ക്യാമ്പ് എന്നീ ഇനങ്ങളിലായി 25887800/- രൂപയുടെ പദ്ധതിക്കാണ് അനുമതി ലഭിച്ചത്. ആയതിൽ കുടുബശ്രീ മിഷൻ 4000000/- രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനം 21887800/- രൂപയും വകയിരുത്തേണ്ടതാണ്. ഓഡിറ്റ് വർഷം പദ്ധതി വിഹിതം 150000/- രൂപയും ചലഞ്ച് ഫണ്ട് 570797/-രൂപയും ചേർത്ത് ആകെ 720797/- രൂപ SBI മരങ്ങാട്ടുപള്ളി ബ്രാഞ്ചിൽ (A/c No. 38570782789) അവശേഷിക്കുന്നു.

അഗതികളുടെ സമഗ്രവികസനത്തിനായി പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള വീട്, ഭൂമി, കുടിവെള്ളം, വൈദ്യുതി എന്നീ ക്ലേശഘടകങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. നിലവിലും വീടില്ലാത്ത 46ഗുണഭോക്താക്കളാണുള്ളത്. അതിൽ 4 പേർ അടുത്ത് പുറത്തിറങ്ങിയ ലൈഫ് മിഷൻ കരട് ലിസ്റ്റിൽപ്പോലും ഉൾപ്പെട്ടിട്ടില്ല. ഭവന പുനരുദ്ധാരണം ആവശ്യമുള്ള 44ഗുണഭോക്താക്കളുമുണ്ട്. വിവിധ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ ആശ്രയ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകേണ്ടതാണെങ്കിലും അപ്രകാരമുള്ള നടപടി പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. നാളിതുവരെയായി പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ -ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. പദ്ധതി മോണിറ്ററിംഗിനായി പ്രസിഡന്റ് അദ്ധ്യക്ഷനായ മോണിറ്ററിംഗ് സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിയിട്ടുമില്ല.

സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന അവശരും ആലംബഹീനരുമായവരുടെ സമഗ്രമായ ഉന്നമനത്തിനായുള്ള പദ്ധതിയിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും തന്നെ പഞ്ചായത്ത് നടത്തിയിട്ടില്ല. പദ്ധതി നിർവ്വഹണം കൃത്യമായി മോണിറ്റർ ചെയ്യാത്തതുമൂലമാണ് ഈ അവസ്ഥ സംജാതമായത്. പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം ഇവരുടെ ഉന്നമനത്തിനായി സമയബന്ധിതമായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതും കൃത്യമായ മോണിറ്ററിംഗ് ഉണ്ടാകേണ്ടതുമാണ്. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|

| | |
|---|---|
| 2020-21 | 25.06.2022 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|
| ഉഴവൂർ ബ്ളോക്ക് പഞ്ചായത്ത് | 3/21സമഗ്ര നെൽകൃഷി വികസനം | 140448 | --- |
| ഉഴവൂർ ബ്ളോക്ക് പഞ്ചായത്ത് | 228/21ലൈഫ് -റ്റി.എസ്.പി | 162000 | |
| ഉഴവൂർ ബ്ളോക്ക് പഞ്ചായത്ത് | 209/21ലൈഫ് -എസ്.സി.പി | 444557 | |
| ഉഴവൂർ ബ്ളോക്ക് പഞ്ചായത്ത് | 13/21ലൈഫ് -ജനറൽ | 1740382 | |
| ഉഴവൂർ ബ്ളോക്ക് പഞ്ചായത്ത് | 33/21ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 150000 | |
| ആകെ | | 2637387 | |
| കോട്ടയം ജില്ലാപഞ്ചായത്ത് | 101/21പി.ച്ച് സിയ്ക്ക് അടിസ്ഥാന സൌകര്യം എൻ .ആർ. എച്ച് എം ഫണ്ട്. | 1500000 | |
| കോട്ടയം ജില്ലാപഞ്ചായത്ത് | 33/21 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 200000 | |
| കോട്ടയം ജില്ലാപഞ്ചായത്ത് | 228/21ലൈഫ് -റ്റി.എസ്.പി | 114440 | |
| കോട്ടയം ജില്ലാപഞ്ചായത്ത് | 209/21ലൈഫ് -എസ്.സി.പി | 365535 | |
| കോട്ടയം ജില്ലാപഞ്ചായത്ത് | 13/21ലൈഫ് -ജനറൽ | 90000 | |

| | | | |
|---|---|---|---|
| | | 2269975 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപപ്രവൃത്തികൾ ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഗ്രാമപഞ്ചാത്ത് ഫണ്ടിൽ നിന്നും 2019-20 വർഷം കൺവീനർ പ്രവൃത്തിൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2020-21 വർഷം പഞ്ചായത്തിന് KURDFC വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു. പഞ്ചായത്ത് ഭവന പദ്ധതി വായ്പ മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നാണ് എടുത്തിട്ടുള്ളത്. പ്രസ്തുത വായ്പയുടെ മുതൽ, പലിശ തിരിച്ചടവും ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പഞ്ചായത്ത് ഭവന പദ്ധതി | - | 4,398,000/- | ഇല്ല | 1000000- | | 3,398,000/ |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018 /തസ്വഭവ/ 18.05.2018 | 747,961/- | ഇല്ല | 204941/- | - | 543020 |

സെക്രട്ടറിയുടെ 236/21, 231/21 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ(General) നിന്നും ആകെ 204941/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചാണ് KURDFC വായ്പ തിരിച്ചടവ് നടത്തിയത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

നിക്ഷേപ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൻ പ്രകാരമുള്ള 2019-20 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25,000/- |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 25,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2021-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25,000/- |

2 സ്ഥിരനിക്ഷേപങ്ങളുടെ ബാങ്ക്, FD അക്കൗണ്ട് നമ്പർ എന്നിവ താഴെ കൊടുക്കുന്നു.

സ്ഥിരനിക്ഷേപം പലിശ 2020-21 വർഷം ലഭിച്ചത് 4,750/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് പിൻവലിച്ചു.

| | |
|---|---|
| നിക്ഷേപിച്ച ബാങ്ക് | The Marangattupilly Service C0-Operaive Bank Ltd No.3556, Marangattupilly |
| ബാങ്ക് ശാഖ | മരങ്ങാട്ടുപിള്ളി |
| എഫ്. ഡി. അക്കൌണ്ട് നം. (2 അക്കൌണ്ടുകൾ) | 50596/11.02.2010 – 10,000/- 44037/02.01.2008 – 15,000/- ആകെ – 25,000/- രൂപ |
| വാർഷിക പലിശ നിരക്ക്/ 2020-21പലിശ വരവ് | 50596/11.02.2010 – 8.25% , 2,050/- 44037/02.01.2008 – 8% , 2,700/- ആകെ പലിശ 2020-21 – 4,750/- രൂപ |

4-7 ഓഡിറ്റ് റിക്കവറി

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം. ,തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3.3 | 2011-12 | 2.6 | നിക്ഷേപ പ്രവൃത്തികൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല കെ.എസ്.ഇ.ബി. 97360 | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| | | 1998 | II 9(1) | നോമിനേഷൻ മസ്റ്റർ റോൾ സൂക്ഷിക്കാതെ കൂലി നൽകിയ പ്രവണത | രേഖകൾ പ്രകാരം നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | | | | ഉപാധിരഹിത ഫണ്ട് ഇനത്തിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി 1.10.96 മുതൽ 31.3.97 വരെ പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച തുക -1,90,077/- രൂപ | |

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 77151235/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60918714/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 73665 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 73665 | ഡോ.സോണിയാസ് സ്കറിയ (മെഡിക്കൽ ഓഫീസർ പിഎച്ച്സി) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/01/2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(1)/2018 /08.01.2018 | 1 |
| 2000-01& 2001-02 (പ്ലാൻ) | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(3)/2018/09.01.2018 | 1 |
| 2000-01 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(2)/2018/09.01.2018 | 2 |
| 2003-04 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(4)/2018/09.01.2018 | 2 |
| 2004-05 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(5)/2018/09.01.2018 | 1 |
| 2005-06 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(6)/2018/09.01.2018 | 2 |
| 2006-07 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(7)/2018/09.01.2018 | 3 |
| 2007-08 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(8)/2018/09.01.2018 | 2 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(9)/2018/09.01.2018 | 2 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(10)/2018/09.01.2018 | 4 |
| 2010-11 & 2011-12 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(11)/2018/09.01.2018 | 6 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി4/407 /2015/ 16.04.2016 | 3 |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി4/264 /2015/ 31.03.2016 | 4 |
| 2014-15 | കെ.എസ്.എ.-കെ.ടി.എം.പി4/1124 /2016/ 23.02.2017 | 10 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി4/1174 /2017/ 15.11.2017 | 6 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി4/1514 /2017/ 19.10.2017 | 13 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി4/1915 /2019/ 15.02.2020 | 18 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി4/457 /2020/ 04.05.2020 | 27 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി4/275 /2022/തീയതി 24.03.2022 | |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

കോട്ടയം -ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്